# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003
ഫോൺ : 0471 2727379, 0471 2727378, email : obcdirectorate@gmail.com

BCDD/A3/974/2015 "ഭരണഭാഷ - മാതൃഭാഷ" തീയതി: 29.06.2015

## സർക്കുലർ

**വിഷയം :** ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്കും, തത്തുല്യമായ വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ച ഇതര സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ് അനുവദിക്കുന്നതിന് സ്കൂൾ അധികൃതർക്ക് ഉള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന : 1) സ.ഉ(ആർ.റ്റി) 51/2015/പി.സ.വി.വ തീയതി -29.06.2015
2) സ.ഉ(എം.എസ്) 10/2014/പി.സ.വി.വ തീയതി -23.05.2014

സംസ്ഥാനത്തെ പ്രീമെട്രിക് വിദ്യാലയങ്ങളിൽ പഠിക്കുന്ന മറ്റർഹ വിഭാഗം (ഒ.ഇ.സി) വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ വിതരണം പിന്നാക്ക സമുദായ വികസന വകുപ്പിലേക്ക് മാറ്റിക്കൊണ്ടും ഓൺലൈനായി വിതരണം ചെയ്യുന്നതിന് അനുവദിച്ചു കൊണ്ടും സൂചന (1) ലൂടെ ഉത്തരവായിട്ടുണ്ട്. അർഹരായ വിദ്യാർത്ഥികളുടെ പട്ടിക സ്കൂൾ പ്രധാനാധ്യാപകർ ഓൺലൈനായി ലഭ്യമാക്കേണ്ടതാണ്. ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികൾക്കു പുറമേ സൂചന (2) അനുസരിച്ച് ആറ് ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി ആനുകൂല്യം അനുവദിച്ച സമുദായങ്ങളിലെ കുട്ടികളുടെ വിവരവും ഇതോടൊപ്പം ലഭ്യമാക്കേണ്ടതാണ്. 2015-16-ൽ അർഹരായ വിദ്യാർത്ഥികളുടെ തുക സ്കൂൾ പ്രാധാനാധ്യാപകരുടെ ഔദ്യോഗിക അക്കൗണ്ടിലേക്ക് നൽകുന്നതാണ്. സ്കൂൾ പ്രാധാനാധ്യാപകർ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ച് അതിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തേണ്ടതാണ്.

***സ്കൂൾ അധികൃതർക്കുള്ള നിർദ്ദേശങ്ങൾ***

1. സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മറ്റർഹ സമുദായങ്ങളിലേയും (ഒ.ഇ.സി - അനുബന്ധം 1), സൂചന പ്രകാരം ഒ.ഇ.സി ക്ക് തുല്യമായ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച ഇതര സമുദായങ്ങളിലേയും (അനുബന്ധം 2) വിദ്യാർത്ഥികൾക്കാണ് ലംപ്സം ഗ്രാന്റ് അനുവദിക്കുന്നത്.
2. സ്കൂൾ രേഖകൾ പ്രകാരം ഉള്ള പേര് വിവരങ്ങൾ **www.scholarship.itschool.gov.in** എന്ന വെബ് പോർട്ടലിൽ **OEC Prematric Assistance 2015-16** എന്ന ലിങ്ക് മുഖേന **ഓൺലൈൻ ആയി 04.07.2015 മുതൽ** രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇതു സംബന്ധിച്ച ഗൈഡ്ലൈൻസ് ഇതേ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
3. **30.07.2015 വൈകീട്ട് 5 മണിക്ക് ഓൺലൈൻ രജിസ്ട്രേഷൻ ക്ലോസ് ചെയ്യുന്നതാണ്.** അർഹരായ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നഷ്ടപ്പെടാതിരിക്കുന്നതിന് നിശ്ചിത തീയതിക്കുള്ളിൽ വിവരങ്ങൾ സമർപ്പിക്കുന്നതിന് പ്രധാനാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
4. ജാതി വിവരം സംബന്ധിച്ച് സംശയമുണ്ടെങ്കിൽ ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ആവശ്യപ്പെടാവുന്നതാണ്.
5. വിദ്യാർത്ഥികളിൽ നിന്നും ആനുകൂല്യത്തിനായി അപേക്ഷ സ്വീകരിക്കണമെന്ന് നിർബന്ധമില്ല. എന്നാൽ ആവശ്യമെങ്കിൽ വിവരശേഖരണത്തിന് അനുബന്ധം 3 പ്രകാരമുള്ള അപേക്ഷാഫാറം പൂരിപ്പിച്ച് വാങ്ങാവുന്നതാണ്.
6. **അപേക്ഷകന് ആധാർ നമ്പർ ,ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ ഓൺലൈനിൽ രേഖപ്പെടുത്തുക. ഈ ആവശ്യത്തിലേ**

**ക്കായി ബാങ്ക് അക്കൗണ്ട് ഇപ്പോൾ നിർബന്ധമല്ല.** വരും വർഷങ്ങളിൽ നേരിട്ട് വിദ്യാർത്ഥികൾക്ക് തുക ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് വിവരങ്ങൾ ശേഖരിക്കുന്നത്.

7. **നടപ്പു വർഷം ലംപ്സം ഗ്രാന്റ് തുക സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണ്. ആയതിനാൽ ഇത് സംബന്ധിച്ച വിവരങ്ങൾ സ്കോളർഷിപ്പ് പോർട്ടലിൽ എന്റർ ചെയ്യുന്നതിലെ കൃത്യതയിൽ പ്രധാനാധ്യാപകർ വ്യക്തിപരമായ ശ്രദ്ധ ചെലുത്തേണ്ടതാണ്. രേഖപ്പെടുത്തുന്ന അക്കൗണ്ടിൽ ഒരു തവണയെങ്കിലും ട്രാൻസാക്ഷൻ നടത്തിയിട്ടുണ്ടെന്നും, അക്കൗണ്ട് ലൈവ് ആണെന്നും ഉറപ്പാക്കേണ്ടതാണ്. നിലവിൽ ഒ.ബി.സി പ്രീമെട്രിക് സ്കോളർഷിപ്പ് ലഭ്യമായിക്കൊണ്ടിരിക്കുന്ന ബാങ്ക് അക്കൗണ്ട് തന്നെ ഈ ആവശ്യത്തിനായും ഉപയോഗിക്കാവുന്നതാണ്.**
8. അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്, ഫീസ് റീ ഇംബേഴ്സ്മെന്റ് എന്നിവ സ്ഥാപനമേധാവിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഇ ട്രാൻസ്ഫർ ചെയ്യുന്നതാണ്.
9. അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ പ്രധാനാധ്യാപകർ നിശ്ചിത തീയതിക്കുള്ളിൽ ഡാറ്റാ എൻട്രി പൂർത്തീകരിച്ച് പോർട്ടൽ മുഖേന ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ യ്ക്ക് **FORWARD** ചെയ്യേണ്ടതാണ്. എ.ഇ.ഒ/ഡി.ഇ.ഒ യുടെ **CONFIRMATION** നു ശേഷം മാത്രമേ തുക അനുവദിക്കുകയുള്ളൂ.
10. വാർഷിക ലംപ്സം ഗ്രാന്റ് നിരക്ക് ചുവടെ ചേർക്കുന്നു.

| വിഭാഗം | ലംപ്സം ഗ്രാന്റ് |
|---|---|
| എൽ.പി | ₹ 250 |
| യു.പി | ₹ 500 |
| ഹൈ സ്കൂൾ | ₹ 750 |

ഒരേ ക്ലാസ്സിൽ ആവർത്തിച്ച് പഠിക്കുന്നവർക്ക് മേൽ പ്രകാരമുള്ള തുകയുടെ 50% മാത്രം അനുവദിക്കുന്നതാണ്.

11. ഫീസ് റീ ഇംബേഴ്സ്മെന്റ് നിരക്ക് (അൺ എയ്ഡഡ്)

| വിഭാഗം | ട്യൂഷൻ ഫീസ് | സ്പെഷൽ ഫീസ് | ആകെ |
|---|---|---|---|
| എൽ.പി & യു.പി | ₹ 1000 | ₹ 333 | ₹ 1333 |
| ഹൈ സ്കൂൾ | ₹ 1500 | ₹ 500 | ₹ 2000 |

**ഡയറക്ടർ**
**പിന്നാക്ക സമുദായ വികസന വകുപ്പ്**

**പകർപ്പ് :**

1. പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക സമുദായ വികസന വകുപ്പ്, ഗവ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ,പിന്നാക്ക സമുദായ വികസന വകുപ്പ് (എറണാകുളം/കോഴിക്കോട്)
3. ഡയറക്ടർ , പൊതുവിദ്യാഭ്യാസ വകുപ്പ്
4. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@ സ്കൂൾ തിരുവനന്തപുരം
6. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ
7. എല്ലാ ഡി.ഡി/ഡി.ഇ.ഒ/എ.ഇ.ഒ മാർക്കും
8. എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപകർക്ക്
9. ജില്ലാ/ബ്ലോക്ക് പട്ടികജാതി വികസന ആഫീസർമാർക്ക്
10. കരുതൽ/അധികം

BCDD/A3/974/2015 തീയതി: 29.06.2015

അനുബന്ധം 1

# Other Eligible Community (OEC) List

(They are Eligible for all Educational Assistance enjoyed by Scheduled Castes)
No Income Limit for Educational Assistance

| | |
|---|---|
| 1. | Chakkamar |
| 2. | Peruvannan |
| 3. | Varnnavan |
| 4. | Madiga |
| 5. | Chemman / Chemmar |
| 6. | Kudumbi |
| 7. | Dheevara / Deevaran (Arayan, Valan, Nulayan, Mukkuvan, Arayavathi,Valanchiyar,Paniyakal,Mokaya,Bovi,Mogayar,Mogaveerar) |
| 8. | Scheduled castes converted to christianity |
| 9. | Kusavan, Kulalan, Kubharan, Velaan, Odan, Andhra Nair, Andhuru Nair |
| 10. | Pulaya Vettuvan (Except Kochi State) |

## അനുബന്ധം 2

## List of OBC Communities as per G.O (MS) no-10/21014/BCDD Dtd-23.05.2014 those annual income not above Rs 6,00,000/- get educational assistance as equal to OEC

| *Sl. No.* | *Name of the Community* |
|---|---|
| 1. | Vaniya (Vanika, Vanika Vaisya, Vanibha Chetty, Vaniya Chetty, Ayiravar, Nagarathar and Vaniyan |
| 2. | Veluthedathu Nair (Veluthedan and Vannathan) |
| 3. | Chetty/Chetties (Kottar Chetties, Parakka Chetties, Elur Chetties, Attingal Chetties, Pudukkada Chetties, Iraniel Chetties, Sri Pandara Chetties, Telugu Chetties, Uduyankulangara Chetties, Peroorkada Chetties, Sadhu Chetties, 24 Mana Chetties, Wayanadan Chetties, Kalavara Chetties and 24 Mana Telugu Chetties, |
| 4. | Ezhavathi (Vathy) |
| 5. | Ganika |
| 6. | Kanisu or Kaniyar Panicker, Kani or Kaniyan (Ganaka) or Kanisan or Kamnan, Kalari Kurup / Kalari Panicker |
| 7. | Vilkurup, Perumkollan |
| 8. | Yadavas (Kolaya, Ayar, Mayar, Maniyani and Iruman), Erumakkar |
| 9. | Devanga |
| 10. | Pattariyas |
| 11. | Saliyas (Chaliya, Chaliyan) |
| 12. | Pandithar |
| 13. | Vaniar |
| 14. | Ezhuthachan |
| 15. | Chakkala / Chakkala Nair |
| 16. | Reddiara (throughout the State except in Malabar Area) |
| 17. | Kavuthiya |
| 18. | Veerasaiva (Yogi, Yogeeswara Poopandaram, Malapandaram, Jangam, Matapathi, Pandaram, Pandaran, Vairavi, Vairagi) |
| 19. | Vilakkithala Nair – Vilakkithalavan |
| 20. | Vaduka – Vadugar, Vaduka, Vaduvan |
| 21. | Chavalakkaran |
| 22. | Agasa |
| 23. | Kaikolan |
| 24. | Kannadiyans |
| 25. | Kerala Mudalis |
| 26. | Madivala |
| 27. | Naikkans |
| 28. | Tholkolans |
| 29. | Thottian |
| 30. | Mooppar or Kallan Moopan or Kallan Moopar |

**കേരള സർക്കാർ**
**പിന്നാക്ക സമുദായ വികസന വകുപ്പ്**

## 2015-16 ലെ ഒ.ഇ.സി ലംപ്സം ഗ്രാന്റിനുള്ള അപേക്ഷ

1. വിദ്യാർത്ഥിയുടെ പേര് :
2. രക്ഷിതാവിന്റെ പേര് :
3. വിദ്യാർത്ഥിയുമായുള്ള ബന്ധം :
4. മതം /ജാതി :
5. ക്ലാസ്സ്
6. അഡ്മിഷൻ നമ്പർ
7. ജനന തീയതി
8. ആൺ/പെൺ
9. രക്ഷിതാവിന്റെ വാർഷികവരുമാനം
10. Adhar No. (if any)
11.

| വിദ്യാർത്ഥിയുടെ വീട്ടുപേരും മേൽ വിലാസവും (ജില്ല, പിൻകോഡ് എന്നിവ സഹിതം) | പഠിക്കുന്ന സ്കൂളിന്റ പേരും മേൽവിലാസവും (ജില്ല, പിൻകോഡ് എന്നിവ സഹിതം) |
|---|---|
| | |
| ഫോൺ നമ്പർ : (STD കോഡ് സഹിതം) | ഫോൺ നമ്പർ : (STD കോഡ് സഹിതം) |
| ഇമെയിൽ(if any) : | ഇമെയിൽ : |

12. **വിദ്യാർത്ഥിയുടെ** ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ (ഉണ്ടെങ്കിൽ)
(ബാങ്ക് പാസ് ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ് ഹാജരാക്കണം)

1) ബാങ്കിന്റെ പേര് :
2) ബ്രാഞ്ച് :
3) അക്കൗണ്ട് ഹോൾഡറുടെ പേര് :
4) അക്കൗണ്ട് നമ്പർ :
5) IFSC കോഡ് :

സ്ഥലം :

തീയതി : വിദ്യാർത്ഥിയുടെ പേരും ഒപ്പും രക്ഷിതാവിന്റെ പേരും ഒപ്പും